പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6328 11/07/2012 - ൽ മറുപടിക്ക്

## സമുദ്ര വിഭവ കയറ്റുമതിയിൽ പരമ്പരാഗത മത്സ്യബന്ധന മേഖലയുടെ പങ്കാളിത്തം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>" പി. ഉബൈദുള്ള :<br>" വി. എം. ഉമ്മർമാസ്റ്റർ:<br>" അബ്ദുറഹിമാൻ രണ്ടത്താണി: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സമുദ്രവിഭവങ്ങളുടെ കയറ്റുമതിയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; | (എ) സമുദ്രോല്പന്ന കയറ്റുമതിക്കുവേണ്ടി യന്ത്രവത്കൃത മേഖലയും പരമ്പരാഗത മേഖലയും ഒരുപോലെ മത്സ്യം ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ പ്രത്യേക പദ്ധതികൾ പരിഗണനയിലില്ല. |
| (ബി) മത്സ്യവിഭവ കയറ്റുമതിയുടെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിൽ നിൽക്കുമ്പോൾ പരമ്പരാഗത മേഖലയ്ക്ക് അതിന്റെ പങ്കാളിത്തം ലഭിക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (ബി) കയറ്റുമതിക്കാർ ഗുണമേന്മയുള്ള മത്സ്യം യന്ത്രവത്കൃത മേഖലയിൽ നിന്നും പരമ്പരാഗത മേഖലയിൽ നിന്നും എടുക്കുന്നുണ്ട്. ചില കയറ്റുമതിക്കാർ നേരിട്ട് മത്സ്യബന്ധനം നടത്തി കയറ്റുമതി ചെയ്യുന്നുണ്ട്. |
| (സി) പരമ്പരാഗത മേഖല ശേഖരിക്കുന്ന വിഭവങ്ങൾ സംസ്ക്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി കയറ്റുമതി രംഗത്ത് പങ്കാളിത്തം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (സി) മത്സ്യഫെഡിന്റെ കൊച്ചിയിലെ ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റിൽ നിന്നും വിവിധയിനം മത്സ്യങ്ങൾ പ്രധാനമായും ചൂര, അയില, ചാള, മെർലിൻ എന്നിവ സംസ്ക്കരിച്ച് കയറ്റി അയയ്ക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കുന്നതിന് കൊല്ലത്ത് 'നളപാകം' എന്ന പേരിൽ ഒരു സ്ഥാപനം സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ നടത്തിപ്പ് തീരദേശ വികസന കോർപ്പറേഷനെ ഏൽപ്പിച്ചിരിക്കുകയാണ്. |

Reji Rajendran
സെക്ഷൻ ഓഫീസർ